**കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 773**

16.07.2014-ലെ മറുപടിക്ക്

**<u>ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് കർമ്മപദ്ധതികൾ</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. എ.റ്റി. ജോർജ്ജ് | **ശ്രീ. കെ.എം. മാണി**<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |

| | |
|---|---|
| (എ) സംസ്ഥാനത്തെ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തെ ശക്തി പ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | കേരളാ ട്രഷറി കോഡ് റൂൾ 132 വാല്യം 1 ഭാഗം IV പ്രകാരവും സർക്കാർ ഉത്തരവ് നം: (P) 723/64/PD തീയതി 19.10.1964 പ്രകാര വുമാണ് ധനകാര്യ പരിശോധനാ വിഭാഗം പ്രവർത്തിക്കുന്നത്. ഇൻസ്പെക്ഷൻ വിഭാ ഗത്തെ ശക്തിപ്പെടുത്തുന്നതിനും, പ്രവർ ത്തനത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്ന തിനുമായി പ്രതിമാസ അവലോകന യോഗ ങ്ങളും ആവശ്യമായ പരിശീലന പരിപാടി കളും നടത്തി വരുന്നു. |
| (ബി) ഈ വിഭാഗത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | സർക്കാർ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ, സർക്കാർ വാഹന ദുരുപ യോഗം, സർക്കാർ ഉത്തരവുകളുടേയും ചട്ട ങ്ങളുടേയും ലംഘനം, നടപടി ക്രമങ്ങളിലെ അപാകതകൾ, നിർമ്മാണ പ്രവൃത്തികളിലെ ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച് അന്വേ ഷിച്ച് കുറ്റക്കാരുടെ പേരിൽ നടപടി ശുപാർശ ചെയ്യുക, വിജിലൻസ് ഡയറക്ടർക്ക് സാങ്കേ തിക ഉപദേശം നൽകുക ഇവയൊക്കെയാണ് ഇപ്പോഴത്തെ പ്രവർത്തനങ്ങൾ. ഈ വിഷയ ത്തിൽ ധനകാര്യ വകുപ്പിൽ നേരിട്ട് ലഭിക്കുന്ന പരാതികൾ/നിവേദനങ്ങൾ എന്നിവയും, പി. ആർ.ഡി മുഖേന ലഭിക്കുന്ന പത്ര വാർത്ത കളിന്മേലും അന്വേഷണം/പരിശോധന നട ത്തുന്നതും, ഇത് കൂടാതെ സർക്കാർ പണം വിനിയോഗിക്കുന്ന ഓഫീസുകളിൽ മുന്നറി യിപ്പില്ലാതെ പരിശോധന നടത്തുകയും, പരി ശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾ ബന്ധപ്പെട്ട ഭരണ വകുപ്പിൽ റിപ്പോർട്ട് ചെയ്ത് ഭരണ വകുപ്പു വഴി നടപടി സ്വീകരിക്കുന്ന പ്രവർ ത്തനവുമാണ് ധനകാര്യ പരിശോധനാ വിഭാ ഗത്തിൽ നടക്കുന്നത്. |

| | |
|---|---|
| (സി) വിഭാഗത്തെ ശക്തിപ്പെടുത്തുമ്പോൾ എന്തെല്ലാം പരിഷ്കാരങ്ങളാണ് ഈ രംഗത്ത് വരുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | പൊതുജനങ്ങളിൽ നിന്നും സാമ്പത്തിക ക്രമക്കേടുകൾ, സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം എന്നിവ സംബന്ധിച്ച് നേരിട്ട് പരാതി സ്വീകരിക്കുന്നതിലും, അതിവേഗം തീർപ്പു കൽപ്പിക്കുന്നതിനുമായി വിവര സാങ്കേതിക വിദ്യയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ സേവനം മെച്ചപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ഇത് സംബന്ധിച്ച് നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ